**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൊല്ലം ജില്ല – കരുനാഗപ്പള്ളി നഗരസഭ – കന്നേറ്റി ശ്രീനാരായണ ട്രോഫി ജലോത്സവം 2017 - സംഘാടന ചെലവുകൾക്ക് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3165/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 27/09/2017

---

പരാമർശം:- 1. നഗരകാര്യ ഡയറക്ടറുടെ G1-20327/2017 നമ്പർ കത്ത്.

2.കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറിയുടെ 07.08.2017 ലെ ജി2-14479/11 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ല, കരുനാഗപ്പള്ളി കന്നേറ്റി കായലിൽ വച്ച് 2017 സെപ്റ്റംബർ 6 ചതയ ദിനത്തിൽ നടക്കുന്ന കന്നേറ്റി ശ്രീനാരായണ ട്രോഫി ജലോത്സവത്തിന്റെ നടത്തിപ്പ് ചെലവുകൾക്ക് കരുനാഗപ്പള്ളി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും 50,000/- രൂപ സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശകത്തുകൾ പ്രകാരം ആവശ്യപ്പെടുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ല, കരുനാഗപ്പള്ളി കന്നേറ്റി കായലിൽ വച്ച് 2017 സെപ്റ്റംബർ 6 ചതയ ദിനത്തിൽ നടന്ന കന്നേറ്റി ശ്രീനാരായണ ട്രോഫി ജലോത്സവം 2017 ന്റെ സംഘാടന ചെലവുകൾക്ക് കരുനാഗപ്പള്ളി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അവരുടെ കൗൺസിൽ തീരുമാനത്തിന് വിധേയമായി പരമാവധി 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

കരുനാഗപ്പള്ളി നഗരസഭ, ശ്രീനാരായണ ട്രോഫി ജലോത്സവ കമ്മിറ്റിയിൽ നിന്നും ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
കൺവീനർ, ശ്രീനാരായണ ജലോത്സവ കമ്മിറ്റി, കരുനാഗപ്പള്ളി
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യവകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*